# കെ.എൽ.ഡി.ബോർഡ്, ബുൾ സ്റ്റേഷൻ, ധോണി ഫാം പാലക്കാട്

(ഒരു കേരള സർക്കാർ പൊതുമേഖല സ്ഥാപനം) ഫോൺ : 0491 - 2556127

നമ്പർ. C1/748/2021 തിയ്യതി : 20-10-2023

## ടെണ്ടർ

കേരള കന്നുകാലി വികസനബോർഡിന്റെ കീഴിലുള്ള ധോണി ഫാമിലെ ഏകദേശം 240 മാവുകളിൽ നിന്നും 2023-26 വരെ മൂന്നു വർഷത്തേക്ക് വിളവെടുക്കുന്നതിനുള്ള അവകാശത്തിനായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

### നിബന്ധനകൾ

1. ടെണ്ടറിൽ 240 മാവുകളിൽ നിന്നും മൂന്നു സീസണിലേക്ക് വിളവ് എടുക്കുന്നതിനുള്ള നിരക്കായിരിക്കണം രേഖപ്പെടുത്തേണ്ടത്.
2. പൂരിപ്പിച്ച സീൽ ചെയ്ത ടെണ്ടറുകൾ 17 - 11 - 2023 ഉച്ചയ്ക്ക് 1.00 മണിക്കു മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. കവറിനു മുകളിൽ 'മാവിൽ നിന്നും വിളവെടുക്കുന്നതിനുള്ള ടെണ്ടർ' എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടെണ്ടർ നമ്പരും തിയ്യതിയും, രേഖപ്പെടുത്തേണ്ടതാണ്.
3. പരസ്യ ലേലം 17 - 11 - 2023 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ധോണി ഫാമിലെ കമ്മ്യൂണിറ്റി ഹാളിൽ വെച്ചു നടത്തുന്നതാണ്.
4. ദർഘാസ് ഫാറം വിൽക്കുന്ന അവസാന സമയം 17 - 11 - 2023 ന് ഉച്ചകഴിഞ്ഞ് 12.30 മണിവരെ
5. ലേലത്തിൽ പങ്കെടുക്കുന്നതിന് ടെണ്ടറിൽ തുക രേഖപ്പെടുത്തണമെന്ന് നിർബന്ധമില്ല. എങ്കിലും ടെണ്ടർ ഫോം വാങ്ങുകയും ആയത് പൂരിപ്പിച്ച് നിരത ദ്രവ്യത്തോടൊപ്പം നിശ്ചിത തിയ്യതിക്കും, സമയത്തിനും മുമ്പായി (17 - 11 - 2023 പകൽ 1.00 മണി) ഓഫീസിൽ സമർപ്പിക്കണം. ടെണ്ടറിൽ തുക രേഖപ്പെടുത്തി നിരതദ്രവ്യത്തോടൊപ്പം സമർപ്പിക്കുന്ന വ്യക്തികൾക്കും ലേലത്തിൽ പങ്കെടുക്കാം. അതിനായി പ്രത്യേക നിരതദ്രവ്യം അടയ്ക്കേണ്ടതില്ല. ടെണ്ടർ ഫോറത്തിന്റെ വില 448/- രൂപ (ജി. എസ്. ടി. ഉൾപ്പെടെ)
6. പൂരിപ്പിച്ച ടെണ്ടറുകൾ 17 - 11 - 2023 ഉച്ചയ്ക്ക് 1.00 മണിക്ക് മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30 മണിക്കുള്ള ലേലം കഴിഞ്ഞാൽ ഉടൻ തന്നെ ടെണ്ടറുകൾ തുറക്കുന്നതും, ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തിയ/ ലേലം കൈക്കൊണ്ട വ്യക്തിയുടെ പേരിൽ ബോർഡിന്റെ മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി തൃപ്തികരമെന്നു കണ്ടാൽ, ഉറപ്പിച്ചു നൽകുന്നതുമായിരിക്കും.
7. ടെണ്ടറിനോടൊപ്പം 2000/- രൂപ (രണ്ടായിരം രൂപ) നിരതദ്രവ്യമായി ഈ ഓഫീസിൽ അടച്ചതിന്റെ രശീത് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ആയത് ക്വട്ടേഷൻ ദിവസം 17 - 11 - 2023 പകൽ 12.30 മണിവരെ ഈ ഓഫീസിൽ അടയ്ക്കാവുന്നതാണ്. നിരതദ്രവ്യം അടയ്ക്കാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
8. മാവുകളിൽ നിന്നും വിളവ് എടുക്കുന്നതിന് മുൻപ് മാവുകളുടെ ചുവട് കോൺട്രാക്ടർ വൃത്തിയാക്കേണ്ടതാണ്.
9. ടെണ്ടർ/ലേലം ഉറപ്പിച്ചു കിട്ടിയ വ്യക്തി ലേലം/ടെണ്ടർ തുകയുടെ മൂന്നിലൊന്ന് (1/3) ഭാഗം ഉടൻ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക പത്തു ദിവസത്തിനകം ഓഫീസിൽ അടയ്ക്കേണ്ടതുമാണ്.
10. ലേലം/ടെണ്ടർ ഉറപ്പിച്ചുകിട്ടിയ വ്യക്തി 200/- രൂപ മുദ്രപത്രത്തിൽ ഒരു കരാർ ഒപ്പിട്ടു തരേണ്ടതാണ്. അതിനുശേഷം മാത്രമേ മാങ്ങ പറിക്കാൻ അനുവദിക്കുകയുള്ളൂ. വീഴ്ച വരുത്തിയാൽ തുക ഉറപ്പിച്ചു തന്ന ഉത്തരവ് റദ്ദാക്കുന്നതും, ആയതിന് ബോർഡിനുണ്ടാകുന്ന നഷ്ടം കരാറുകാരൻ മുൻകൂർ അടച്ചിട്ടുള്ള മൂന്നിലൊന്നുതുക നിരതദ്രവ്യം, ഇവയിൽ നിന്നും ഈടാക്കുന്നതാണ്.
11. പ്രകൃതിക്ഷോഭങ്ങളാലോ, മറ്റു കാരണങ്ങളാലോ മാവുകളിൽ നിന്നുള്ള വിളവ് മോശമാവുകയോ, കുറയുകയോ ചെയ്താൽ ആയതിന് ബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല.
12. മാവുകൾക്കുള്ള കാവൽ കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്. ഇങ്ങനെ കാവലിന് ഏർപ്പെടുത്തുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കരാറുകാരൻ രേഖാമൂലം മാനേജർക്ക് നൽകി

സമ്മതം വാങ്ങേണ്ടതാണ്. കരാറുകാരനോ, ടിയാന്റെ പ്രതിനിധിയോ ഫാമിലേക്ക് പ്രവേശിക്കുമ്പോൾ ഫാമിന്റെ ഗെയിറ്റിലുള്ള സെക്യൂരിറ്റി ഗാർഡിന്റെ പക്കൽ പേര് നൽകേണ്ടതാണ്. വർക്ക് ഓർഡറിന്റെ കോപ്പി ഗയിറ്റിൽ കാണിക്കേണ്ടതാണ്.

13. കരാറുകാരനോ, കാവൽക്കാരനോ മാങ്ങ പറിച്ചെടുക്കാൻ വരുന്നവരോ, മാവുകളുടേയോ, മറ്റു വൃക്ഷങ്ങളുടേയോ, തടിക്കോ, ശിഖരങ്ങൾക്കോ കേടുപാടു വരുത്താൻ പാടുള്ളതല്ല. അങ്ങനെ സംഭവിച്ചാൽ ആയതിന്റെ നഷ്ടം നൽകുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. ഫലങ്ങൾ പറിക്കാതെ നിലത്ത് വീണ് ഫാമിൽ ശല്യമുണ്ടാക്കാൻ പാടുള്ളതല്ല. ഓരോ പ്രാവശ്യവും ഫലങ്ങൾ പറിച്ചു കഴിഞ്ഞാൽ, നിലത്തു വീഴുന്ന ശിഖരങ്ങൾ മാറ്റി സ്ഥലം വൃത്തിയാക്കിത്തരേണ്ടതാണ്.

14. മാവിൽ വളരുന്ന കളകൾ നിർബന്ധമായും കോൺട്രാക്ടർ വൃത്തിയാക്കേണ്ടതാണ്.

15. കളനാശിനികൾ/കീടനാശിനികൾ (ചുവപ്പ്, മഞ്ഞ, നീല, പച്ച ലേബലുകൾ ഉള്ളത്.) യാതൊരു കാരണവശാലും ഉപയോഗിക്കാൻ പാടുള്ളതല്ല.

16. **Hormone Application** മേലുദ്യോഗസ്ഥരുടെ സമ്മതപ്രകാരം/സാമീപ്യത്തിൽ മാത്രം ചെയ്യുക.

17. നമ്പർ ചെയ്തിരിക്കുന്ന മാവുകൾ മാത്രമായിരിക്കും ലേലം ചെയ്യുന്നത്.

18. നമ്പർ ചെയ്തിരിക്കുന്ന എല്ലാമാവിൽ നിന്നും വിളവെടുക്കേണ്ടതാണ്.

19. യാതൊരു കാരണവും കാണിക്കാതെ ടെണ്ടർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം മാനേജർ (എ. എച്ച്) ൽ നിക്ഷിപ്തമായിരിക്കും.

20. സർക്കാർ ടെണ്ടറുകളെ/ലേലത്തെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും/ലേലത്തിനും ബാധകമായിരിക്കും.

21. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ അഗ്രി. സെക്ഷനുമായി ബന്ധപ്പെട്ട് അന്വേഷിച്ചറിയാവുന്നതാണ്.

മാനേജർ (എ.എച്ച്.)
ധോണിഫാം